"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ്-മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി-പ്രളയം 2018—മാങ്കുഴി മിൽസ്, ചെറുതന എന്ന സ്ഥാപനത്തിന് ഉജ്ജീവൻ പദ്ധതി പ്രകാരം നൽകിയ വായ്പയിൽ സബ്സിഡി ആയി 62,500/-രൂപ ഫെഡറൽ ബാങ്ക്, ചെറുതന ബ്രാഞ്ചിന് അനുവദിച്ച്-ഉത്തരവ് പുറപ്പെടുവിക്കുന്നു.

**റവന്യൂ (ഡി.ആർ.എഫ്-സി) വകുപ്പ്.**

സ.ഉ.(സാധാ) നം.1810/2025/RD തീയതി,തിരുവനന്തപുരം, 31-07-2025

പരാമർശം:-

1. സ.ഉ.(കൈ)നം.27/2018/ദു.നി.വ., തീയതി, 17.12.2018.
2. സ.ഉ.(കൈ)നം.04/2019/ദു.നി.വ., തീയതി, 22.02.2019.
3. ആലപ്പുഴ ജില്ലാ കളക്ടറുടെ 13.8.24-ലെ DCALP/4478/24-N1. നമ്പർ കത്ത്.
4. എറണാകുളം ജില്ലാ കളക്ടറുടെ 06.01.25-ലെ DCEKM/9243/24-D5.നമ്പർ കത്ത്.

**ഉത്തരവ്**

2018-ലെ പ്രളയത്തിൽ ജീവനോപാധി നഷ്ടപ്പെട്ട ക്ഷീര/പൗൾട്രി/തേനീച്ച/അലങ്കാര പക്ഷി കർഷകർ/സൂക്ഷ്മ ചെറുകിട,ഇടത്തരം വാണിജ്യ വ്യവസായ സ്ഥാപനങ്ങൾ നടത്തുന്ന സംരഭകർ എന്നിവർക്ക് അവരുടെ ജീവനോപാധി പുനരുജ്ജീവിപ്പിക്കുന്നതിനായി ബാങ്കുകളിൽ നിന്നും എടുക്കുന്ന 'ടേംലോൺ/പ്രവർത്തന മൂലധന വായ്പ എന്നിവയ്ക്ക്, നിബന്ധനകൾക്ക് വിധേയമായി, മാർജിൻ മണി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും വഹിക്കുന്നതിന് പരാമർശം 1,2 ഉത്തരവുകൾ പ്രകാരം രൂപീകരിച്ച 'ഉജ്ജീവന വായ്പാ പദ്ധതി'യിൽ വിഭാവനം ചെയ്തിട്ടുണ്ട്.

2) ഉജ്ജീവന വായ്പാ പദ്ധതി പ്രകാരം മാങ്കുഴി മിൽസ്, ചെറുതന എന്ന സ്ഥാപനത്തിന് വായ്പ അനുവദിച്ചതിൽ സബ്സിഡി ലഭിക്കുന്നതിന് ഫെഡറൽ ബാങ്ക്, ചെറുതന ബ്രാഞ്ച് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും മുൻ ഉത്തരവുകൾ പരിശോധിച്ചതിൽ നിന്നും ടി സ്ഥാപനത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ഉജ്ജീവന പദ്ധതി പ്രകാരം ധനസഹായം അനുവദിച്ചിട്ടില്ലെന്നും മേൽ സ്ഥാപനത്തിന് അർഹതപ്പെട്ട സബ്സിഡി അനുവദിച്ചു നൽകണമെന്നും പരാമർശം (3) പ്രകാരം ആലപ്പുഴ ജില്ലാ കളക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്. ഈ സ്ഥാപനത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ഉജ്ജീവന വായ്പാ പദ്ധതിയുമായി ബന്ധപ്പെട്ട് ധനസഹായം അനുവദിച്ച് നൽകിയിട്ടില്ലെന്ന് പരാമർശം (4) പ്രകാരം എറണാകുളം ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

3) ഫെഡറൽ ബാങ്ക്,ചെറുതന ബ്രാഞ്ച് ആലപ്പുഴ ജില്ലാകളക്ടർ മുഖേന സമർപ്പിച്ച അപേക്ഷകൾ സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| ധനസഹായം | സ്ഥാപനത്തിന്റെ പേര്. | ധനസഹായം | ബാങ്ക് വിതരണം | മാർജിൻ മണി ആയി |

| അനുവദിക്കപ്പെടുന്ന ഗുണഭോക്താവിന്റെ പേര് | | അനുവദിക്കപ്പെടേണ്ട ബാങ്കിന്റേയും/ബ്രാഞ്ച് പേര് | ചെയ്തവായ്പ തുക | അനുവദിക്ക പ്പെടുന്ന തുക |
|---|---|---|---|---|
| ശ്രീ.ജോൺ.കെ. ജേക്കബ്.കമ്മിണിയിൽ പുത്തൻ വീട്, മാങ്കുഴി, ചെറുതന, ആലപ്പുഴ. | മാങ്കുഴി മിൽസ്, ചെറുതന. | ഫെഡറൽ ബാങ്ക്, ചെറുതന ബ്രാഞ്ച് | 1,50,000/- (Term Loan) 1,00,000/- (working capital) | **62,500/-** |

4) മേൽ പറഞ്ഞ പ്രകാരം മാർജിൻ മണി ഇനത്തിൽ വിതരണത്തിനാവശ്യമായ തുകയായ 62,500/-(അറുപത്തി രണ്ടായിരത്തി അഞ്ഞൂറ് രൂപ മാത്രം) രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള **T.P.80** അക്കൗണ്ടിൽ നിന്നും ആലപ്പുഴ ജില്ലാ കളക്ടർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

5) വായ്പയിൽ അനുവദിച്ചിട്ടുള്ള മാർജിൻ മണി ഇനത്തിൽ ഖണ്ഡിക 3-ലെ പട്ടികയിലെ കോളം 05-ൽ പറയുന്ന തുക, ബാങ്ക് അക്കൗണ്ട് വിശദാംശങ്ങൾ എന്നിവ ജില്ലാകളക്ടർ പരിശോധിച്ച് ശരിയെന്ന് ഉറപ്പ് വരുത്തേണ്ടതും ശേഷം തുക ക്രഡിറ്റ്ചെയ്ത്, നടപടി വിവര സ്റ്റേറ്റ്മെന്റ് യഥാസമയം സർക്കാരിന് സമർപ്പിക്കേണ്ടതുമാണ്. ആലപ്പുഴ ജില്ലാകളക്ടർ ബന്ധപ്പെട്ട ബാങ്ക് അധികാരികളിൽ നിന്നും ബാങ്ക്അക്കൗണ്ട് വിവരങ്ങൾ ശേഖരിച്ച് തുക ബാങ്കിന് അനുവദിക്കേണ്ടതാണ്.

6) ഗുണഭോക്താവിന് ഇതിനകം ഉജ്ജീവൻ വായ്പാപദ്ധതി പ്രകാരം മാർജിൻമണി ലഭിച്ചിട്ടില്ല എന്ന് ബാങ്കുമായി ബന്ധപ്പെട്ട് ജില്ലാകളക്ടർ ഉറപ്പുവരുത്തേണ്ടതും ടിയിനത്തിൽ ഗുണഭോക്താവിന് ഇതിനകം തുക ലഭിച്ചിട്ടുണ്ടെങ്കിൽ ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുക തിരിച്ചടക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജയശ്രീ പി എൻ
ഡെപ്യൂട്ടി സെക്രട്ടറി

ജില്ലാ കളക്ടർ, ആലപ്പുഴ.
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി.
(മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)
ജില്ലാ ട്രഷറി ഓഫീസർ, ആലപ്പുഴ (ട്രഷറി ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്),കേരള, തിരുവനന്തപുരം.
കൺവീനർ, സംസ്ഥാനതല ബാങ്കേഴ്സ് സമിതി, കാനറബാങ്ക് ബിൽഡിംഗ്,തിരുവനന്തപുരം-695 001.
കൺവീനർ, ജില്ലാതല ബാങ്കേഴ്സ് സമിതി, എസ്.ബി.ഐ. ബ്രാഞ്ച്. P.B. No. 4404,
C.L.S.B.Road, Alappuzha –688 011.
മാനേജർ, ഫെഡറൽ ബാങ്ക്, ചെറുതന ബ്രാഞ്ച്.കുറ്റിമുക്ക്,
എസ്.കെ സൗപർണിക ബിൽഡിംഗ്,ചെറുതന പി.ഒ,690 517

ധനകാര്യ (ഫണ്ട്സ്) വകുപ്പ്.
വിവര പൊതുജന സമ്പർക്ക (വെബ് / ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Apsara T T
Date: 31-07-2025 14:53:55
സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
റവന്യൂ വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
റവന്യൂ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എയ്ക്ക്
റവന്യൂ ഡി.ആർ.എഫ്. എ/ഡി.ആർ.-ബി വകുപ്പുകൾ
റവന്യൂ ദുരന്തനിവാരണ വകുപ്പ്.